


# കുർത്തയോ/ ഡ്രസോ

**കുർത്തയോ ഡ്രസോ ഏതു വേണമെന്നു തിരഞ്ഞെടുക്കാൻ നിങ്ങൾ എപ്പോഴെങ്കിലും ബുദ്ധിമുട്ട നേരിട്ടിട്ടുണ്ടോ. ഇതു കുർത്തയും ഡ്രസ്സും ചേർന്നു വരുന്ന തരത്തിലുള്ള ഒരു വസ്ത്രം നിർമ്മിക്കുന്നതു പഠിപ്പിക്കുന്ന പരിശീലന പാഠമാണ്.**



ആരംഭിക്കുന്നതിനായി നിങ്ങൾക്ക് ആവശമുള്ള സൈസ് അനുസരിച്ച് ഞങ്ങളുടെ വെബ് സൈറ്റിൽ നിന്നും ഡ്രാഫ്റ്റ് ഡൗൺലോഡ് ചെയ്യുക. നിങ്ങൾക്കാവശ്യമുള്ള വസ്തുക്കൾ, ഒരു ഹിപ്പ് കർവ് സ്കെയിൽ, മെഷറിങ്ങ് ടേപ്പ്, മാർക്കർ പെൻ, കത്രിക എന്നിവയാണ്. തുണി, തുണിയുടെ അളവ് നിങ്ങൾ നിർമ്മിക്കുന്ന വസ്ത്രത്തിന്റെ അളവിനെ ആസ്പദമാക്കി വേണം തിരഞ്ഞെടുക്കാൻ, ഇവിടെ നമ്മൾ എക്സ്ട്രാ സ്മോൾ സൈസ് കുർത്ത നിർമ്മിക്കുന്നതിന് എടുത്തിരിക്കുന്നത് നാൽപ്പത്തഞ്ച് ഇഞ്ച് വീതിയുള്ള രണ്ട് മീറ്റർ തുണിയാണ്.കൂടാതെ പിന്നുകളും ബയസ് ടേപ്പും.




ഇനി ഞങ്ങൾ നിങ്ങളെ ഡ്രാഫ്റ്റിന്റെ ഭാഗങ്ങൾ പരിചയപ്പെടുത്താം. ഇതാണ് ടോപ്പ് ഷോൾഡർ ഫോൾഡ് ലൈൻ... ഇതാണ് നെക്ക് ലൈൻ. ഡ്രാഫ്റ്റിന്റെ നടുവിലൂടെ പോകുന്ന കർവ്ഡ് ലൈൻ ശ്രദ്ധിക്കുക... ഇത് കൈ കുഴിയിൽ നിന്നു തുടങ്ങി ഹിപ്പ് ലൈൻ വരെ പോകുന്ന സൈഡ് സീം ആണ്.



ഇനി നമുക്ക് തുണി എടുക്കാം. ഇത് നീളമുള്ള വശവും വീതിയുള്ള വശവും മടക്കി ഈ വീഡിയോയിൽ കാണുന്നപോലെ ഒറ്റത്തുണി ആക്കുക. യഥാ സ്ഥാനങ്ങളിൽ പിൻ ചെയ്യുക.വീഡിയോയിൽ കാണുന്നതുപോലെ തുണിയുടെ മുകൾ വശത്ത് ഷോൾഡർ ഫോൾഡ് ചേർന്ന് വരുന്ന രീതിയിൽ ഡ്രാഫ്റ്റ് വയ്ക്കുക... ഡ്രാഫ്റ്റ് തുണിയിൽ പിൻ ചെയ്ത് വയ്കുക.




ഒരു മാർക്കർ പെൻ ഉപയോഗിച്ച് തുണിയിൽ ഡ്രാഫ്റ്റിന്റെ ഔട്ട് ലൈൻ രേഖപ്പെടുത്തുക. മാർക്കിങ്ങിലൂടെ മുറിക്കുക. തുണിയിൽ ഡ്രാഫ്റ്റിലേതുപോലെ മൂന്ന് പോയിന്റുകൾ രേഖപ്പെടുത്തുക. പിന്നുകളും ഡ്രാഫ്റ്റും നീക്കം ചെയ്യുക.




സൈഡ് സീം ഷേപ്പ് ചെയ്യുന്നതിന് ഹിപ്പ് കർവ് ഉപയോഗിച്ച് മൂന്ന് പോയിന്റുകളും യോജിപ്പിക്കുക. മറ്റേ സൈഡിലും ഇതേ കർവ്വ് നിർമ്മിക്കുന്നതിനായി പോയിന്റുകളിലൂടെ കർവ് പിൻ ചെയ്യുക. തുണി എതിർവശത്തേയ്ക്ക് മറിച്ചിടുക. എന്നിട്ട് എല്ലാ വശവും കൃത്യമായി ചേർന്ന് വരത്തക്കവിധം ഡ്രാഫ്റ്റ് വയ്ക്കുക. മൂന്ന് ഹോളുകളിൽ കൂടി മൂന്ന് പോയിന്റുകൾ രേഖപ്പെടുത്തുക... ഹിപ്പ് കർവ് ഉപയോഗിച്ച് എല്ലാ പോയിന്റുകളും യോജിപ്പിക്കുക. പിന്നുകൾ നീക്കം ചെയ്യുക.  എന്നിട്ട് തുണി നീളപ്പാടെ തുറക്കുക. നെക്കിന്റെ ഇരുവശത്തുമായി കർവുകളിലൂടെ പിൻ ചെയ്യുക. ഇനി നമ്മൾ റൗണ്ട് എഡ്ജുകളും നെക്ക് ലൈനും ബൈൻഡ് ചെയ്യും.




ബൈൻഡിങ്ങിനായി നമ്മൾ ഉഷാ ജെനോമി ബൈൻഡിങ്ങ് ഫുട്ട് ഉപയോഗിക്കും. ഈ ഫുട്ടിനേക്കുറിച്ച് മനസ്സിലാക്കുന്നതിനായി നിങ്ങൾക്ക് ഞങ്ങളുടെ ബൈൻഡിങ്ങ് ഫുട്ട് വീഡിയോ കാണാൻ കഴിയുന്നതാണ്. നോർമ്മൽ പ്രസ്സർ ഫുട്ട് നിക്കം ചെയ്ത് ബൈൻഡിങ്ങ് ഫുട്ട് ഘടിപ്പിക്കുക. സ്റ്റിച്ച് സെലക്ടർ ഡയൽ ഏയിലേയ്ക്ക് തിരിക്കുക. സ്റ്റിച്ച് ലെങ്ങ്ത് രണ്ടരയിൽ സെറ്റ് ചെയ്യുക. നെക്ക് ലൈനിൽ തുടങ്ങുക.




ഇതിനായി നമ്മൾ ബയസ് ടേപ്പ് ആയിരിക്കും ഉപയോഗിക്കുന്നത്.  ബൈൻഡിങ്ങ് സ്ട്രിപ്പുമായി യോജിക്കുന്ന നിറത്തിലുള്ള നൂൽ ഉപയോഗിക്കുക. ബയസ് ടേപ്പ് ഫുട്ടിലേയ്ക്ക് കടത്തിവിടുന്നതിനായി ടേപ്പിന്റെ അറ്റം നാൽപ്പത്തി അഞ്ച് ഡിഗ്രീ കോണളവിൽ മുറിക്കുക. വീഡിയോയിൽ കാണിച്ചിരിക്കുന്നതുപോലെ ഫുട്ടിന്റെ ഗ്രൂവിലേയ്ക്ക് സ്ട്രിപ്പ് കടത്തിവിടുക.





ഒരു പിന്നിന്റെ സഹായത്തോടെ ബയസ് സ്ട്രിപ്പ് അകത്തേയ്ക്ക് തള്ളുക എന്നിട്ട് മറ്റേ അറ്റത്തുനിന്നും പുറത്തേയ്ക്ക് ഇതുപോലെ വലിയ്ക്കുക. എവിടെ നിന്നാണ് തയ്യൽ തുടങ്ങിയിരിക്കുന്നത് എന്ന് അറിയുന്നതിനായി സ്ട്രിപ്പിൽ കുറച്ച് തയ്യൽ ചെയ്യുക. മറ്റേ അറ്റം കുറച്ച് വലിയ്ക്കുക എന്നിട്ട് തുണിയുടെ അറ്റങ്ങൾ ഫോൾഡഡ് സ്ട്രിപ്പിലേയ്ക്ക് കടത്തിവിടുക. ഇവിടെ കാണിച്ചിരിക്കുന്നതുപോലെ ബയസ് സ്ട്രിപ്പ് നെക്ക് ലൈനിൽ തുന്നിച്ചേർക്കുക. അധികമുള്ള ബയസ് ടേപ്പ് മുറിച്ച് മാറ്റുക. ആദ്യത്തെ ബയസ് ടേപ്പിൽ തുടർന്ന് തയ്ക്കുക എന്നിട്ട് അധികമുള്ളത് മുറിച്ച് മാറ്റുക.അതുപോലെ തന്നെ തുണിയുടെ രണ്ട് വശത്തിലൂടെയും ബയസ് ടേപ്പ് തുന്നിച്ചേർക്കുക.







ഫൂട്ട് മാറ്റ് നോർമ്മൽ പ്രസ്സർ ഫൂട്ട് ഘടിപ്പിക്കുക. നൂൽ മാറ്റി തുണിയുടെ നിറവുമായി ചേരുന്ന നൂൽ ഉപയോഗിക്കുക. ബോബിൻ ചെയ്ഞ്ച് ചെയ്ത് മെഷീൻ ശരിയായി ത്രെഡ് ചെയ്യണം എന്നത് മറക്കരുത്.

ഇനി നമ്മൾ രേഖപ്പെടുത്തിയ ലൈനിലൂടെ ഒന്നിനു ശേഷം ഒന്നായി തയ്ക്കും. തയ്ക്കുമ്പോൾ അറ്റങ്ങൾ ലോക്ക് സ്റ്റിച്ച് ചെയ്യാൻ ഓർക്കുക...
തയ്ക്കുന്നതിനനുസരിച്ച് പിന്നുകൾ നീക്കം ചെയ്യുക. ബൈൻഡിങ്ങ് വസ്ത്രങ്ങൾക്ക് ഒരു പ്രൊഫഷണൽ പൂർണ്ണതയും ഭംഗിയും തരുന്നതിനോടൊപ്പം അതിന്റെ ചാരുത വർദ്ധിപ്പിക്കുന്നതിനു സഹായിക്കുന്നതെങ്ങനെയാണ് എന്നു നോക്കൂ.

അനുമോദനങ്ങൾ... നിങ്ങൾ നിങ്ങളുടെ വിശിഷ്ടമായ സന്ദർഭങ്ങൾക്കും ഫാഷൻ മാഗസിനുകൾക്കുമായി ഒരു മനോഹരമായ വസ്ത്രം നിർമ്മിച്ചിരിക്കുന്നു... സാധാരണ അവസരങ്ങളിൽ, പാർട്ടി അല്ലെങ്കിൽ സുഹൃത്തുക്കളുമായി പുറത്ത് പോകുമ്പോൾ ഈ വസ്ത്രം എല്ലായിടത്തും നിങ്ങളെ ആകർഷകമാക്കും... ഇനി നിങ്ങൾ ചെയ്യാനുള്ളത് ഇത്രമാത്രം, ഇത് പകർത്തുക, ഇൻസ്റ്റാഗ്രാം മൊമന്റിൽ ഉൾപ്പെടുത്തുക.